പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.4155 24.06.2019 ൽ മറുപടിയ്ക്ക്

വന്യമൃഗാക്രമണങ്ങളിൽപ്പെടുന്നവർക്ക് സഹായം

| ചോദ്യം<br>ശ്രീ.വി.ജോയി | | മറുപടി<br>അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
|---|---|---|
| (എ) | വന്യമൃഗാക്രമണങ്ങളിൽ മരണപ്പെടുന്നവരുടെ ആശ്രിതർക്കായി സഹായപദ്ധതികൾ എന്തെങ്കിലും നിലവിലുണ്ടോ; | (എ) വന്യജീവികളുടെ ആക്രമണം നേരിട്ടവർക്ക് 1980-ലെ ദി കേരള റൂൾസ് ഫോർ പെയ്മെന്റ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിൽസ് പ്രകാരം നഷ്ടപരിഹാരം നൽകുന്നുണ്ട്. 05.04.2018-ലെ സർക്കാർ ഉത്തരവ് (കൈ)നം.17/2018/വനം പ്രകാരം, വന്യജീവി ആക്രമണം മൂലമുള്ള മരണത്തിന് അനന്തരാവകാശികൾക്ക് 10 ലക്ഷം രൂപയും വനത്തിനു പുറത്തു വച്ചുള്ള പാമ്പുകടി മൂലമുള്ള മരണത്തിന് 2 ലക്ഷം രൂപയുമാണ് നഷ്ടപരിഹാരമായി നൽകുന്നത്. |
| (ബി) | വന്യമൃഗങ്ങളുടെ ആക്രമണത്തിൽ ഗുരുതരമായി പരിക്കേറ്റ് അവശരായി മാറുന്നവർക്ക് എന്തെങ്കിലും സഹായപദ്ധതികൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയത് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ; | (ബി) മേൽപ്പറഞ്ഞ സർക്കാർ ഉത്തരവ് പ്രകാരം വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കേറ്റ് സ്ഥായിയായ അംഗഭംഗം സംഭവിക്കുന്നവർക്ക് 2 ലക്ഷം രൂപയും, പരിക്കേൽക്കുന്നവർക്ക് 1 ലക്ഷം രൂപയും, പട്ടിക വർഗ്ഗക്കാരുടെ കാര്യത്തിൽ ചികിത്സാർത്ഥം ചിലവായ മുഴുവൻ തുകയും (മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ) നഷ്ടപരിഹാരമായി അനുവദിക്കാവുന്നതാണ്. |
| (സി) | വന്യമൃഗങ്ങളുടെ ആക്രമണത്തിൽ കൃഷി നശിക്കുന്ന കർഷകർക്ക് ആശ്വാസമായി സർക്കാർ സഹായങ്ങൾ എന്തെങ്കിലും നല്കുന്നുണ്ടോ; വിശദമാക്കാമോ? | (സി) നൽകുന്നുണ്ട്. വന്യമൃഗങ്ങളുടെ ആക്രമണത്തിൽ കൃഷി നശിക്കുന്നവർക്ക് നഷ്ടത്തിന്റെ 100% (പരമാവധി 1 ലക്ഷം രൂപ) നഷ്ടപരിഹാരമായി നൽകുന്നു. |

സെക്ഷൻ ഓഫീസർ